ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ 60 പേർ ജോലി ചെയ്യുന്നുണ്ട്. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് നെഞ്ച് രോഗാശുപത്രിയിൽ എച്ച്.ഡി.സി.-യുടെ കീഴിൽ 45 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവർ ദിവസക്കൂലി വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പേയിംഗ് കൗണ്ടറുകളിൽ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചിരുന്ന കണക്കുകളിലെ തിരിമറി

132 [957] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

" കെ. അച്ചുതൻ:

" വി. ജെ. പൗലോസ്:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ പേയിംഗ് കൗണ്ടറുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ജോലികൾ നിർവ്വഹിക്കാൻ വേണ്ടിയാണ് ഈ കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അവയിൽ പേയിംഗ് കൗണ്ടറുകളിലെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള പേയിംഗ് കൗണ്ടറുകളിലെ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചിരുന്ന കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ നടത്തിയത് ആരാണ് എന്ന് പറയുമോ;

(ഇ) അവരെ പേയിംഗ് കൗണ്ടറിൽ നിയമിച്ചത് ആരാണ് എന്നും അവിടത്തെ കണക്കുകളിൽ ഇതിനുമുമ്പും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; ഇതേപ്പറ്റി അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്ന തിരുവനന്തപുരത്തും കോഴിക്കോടും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാനമായും മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ചും അതിന്റെ സ്റ്റോക്കുകളും മറ്റു കണക്കുകളും കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനുമാണ് ഈ കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കെ. കെ. മോഹൻദാസിന്റെ പ്രമോഷൻ സംബന്ധിച്ച പരാതി

133 [958] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ മോർച്ചറി അറ്റന്റർ ശ്രീ. കെ. കെ. മോഹൻദാസിന്റെ പ്രമോഷൻ സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരാതി പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി പരിശോധിച്ചുവരുന്നു.

കേരള നഴ്സിംഗ് കൗൺസിലിന്റെ പുനഃസംഘടന

134 [959] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സിംഗ് കൗൺസിൽ അവസാനമായി പുനഃസംഘടിപ്പിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നഴ്സിംഗ് കൗൺസിലിലെ അംഗങ്ങളെ നിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) നഴ്സിംഗിലെ ഏതെല്ലാം വിഭാഗത്തിൽനിന്നും കൗൺസിലിലേക്ക് അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) സ്വാശ്രയമേഖലയിൽ കൂടുതൽ നഴ്സിംഗ് കോളേജുകൾ അനുവദിക്കപ്പെട്ട സാഹചര്യത്തിൽ ഗ്രാഡുവേറ്റ്/പോസ്റ്റ് ഗ്രാഡുവേറ്റ് നഴ്സുമാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി നഴ്സിംഗ് കൗൺസിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly